**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ഇടുക്കി ജില്ലയിൽ രവീന്ദ്രൻ പട്ടയം റദ്ദാക്കലും അർഹമായ കേസുകളിൽ പുതിയ പട്ടയങ്ങൾ അനുവദിക്കുന്നതിനുമുള്ള ലാൻഡ് അസൈൻമെന്റ് യൂണിറ്റിലെ ജീവനക്കാരുടെ സാലറിയും മറ്റ് അലവൻസുകളും മാറി നൽകുന്നതിന് 2053-00-094-31-NP (V) എന്ന ശീർഷകത്തിന്റെ ഡ്രായിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസറായി സ്പെഷ്യൽ തഹസിൽദാരെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(സാധാ) നം. 4587/2024/ധന** **തീയതി, തിരുവനന്തപുരം, 12.06.2024**

പരാമർശം :- 1. സ.ഉ (കൈ) നം. 23/2024/RD തീയതി 20.01.2024.
2. സ.ഉ (സാധാ) നം. 3998/2024/Fin തീയതി 14.05.2024
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 17.05.2024 തീയതിയിലെ LR/3783/2024-FB (A1) നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ രവീന്ദ്രൻ പട്ടയം റദ്ദാക്കലും അർഹമായ കേസുകളിൽ പുതിയ പട്ടയങ്ങൾ അനുവദിക്കുന്നതിനുമുള്ള ലാൻഡ് അസൈൻമെന്റ് യൂണിറ്റ് പുതുതായി രൂപീകരിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിട്ടുണ്ട് എന്നും പ്രസ്തുത ഓഫീസിലെ ജീവനക്കാരുടെ സാലറിയും മറ്റ് അലവൻസുകളും മാറി നൽകുന്നതിന് 2053-00-094-31 NP(V) എന്ന ശീർഷകത്തിന്റെ ഡി.ഡി.ഒ ആയി സ്പെഷ്യൽ തഹസിൽദാരെ നിയമിക്കുന്നതിനുള്ള അനുമതി നല്കണമെന്നും പരാമർശം 3 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇടുക്കി ജില്ലയിൽ രവീന്ദ്രൻ പട്ടയം റദ്ദാക്കലും അർഹമായ കേസുകളിൽ പുതിയ പട്ടയങ്ങൾ അനുവദിക്കുന്നതിനുമുള്ള ലാൻഡ് അസൈൻമെന്റ് യൂണിറ്റിലെ ജീവനക്കാരുടെ സാലറിയും മറ്റ് അലവൻസുകളും മാറി നൽകുന്നതിന് 2053-00-094-31 NP (V) എന്ന ശീർഷകത്തിന്റെ ഡ്രായിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസറായി സ്പെഷ്യൽ തഹസിൽദാരെ നിയമിക്കുന്നതിനും ട്രഷറി ഇടപാടുകൾ ദേവികുളം സബ്ട്രഷറി വഴി നടത്തുന്നതിനുള്ള അനുമതിയും നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ.ഒ.ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ലാൻഡ് റവന്യൂ കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം. 695033
റവന്യൂ (എഫ്) വകുപ്പ് (UO (F) No. REV-F2/141/2024-REV കമ്പ്യൂട്ടർ നമ്പർ 2796369 പ്രകാരം)
ധനകാര്യ (വ്യയം-ഡി) വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E 2352864)

ഉത്തരവിൻ പ്രകാരം

Manju G

അക്കൗണ്ട്സ് ഓഫീസർ